പ്രഫോർമ II

2020-21 സാമ്പത്തിക വർഷത്തേക്കുള്ള സി ആന്റ് എ ജി യുടെ സ്പ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം II ബി ഖണ്ഡിക പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിന്റെ പേര്: മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്

ക്രമ നമ്പർ	ഖണ്ഡിക നം.	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി
1	1	വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം ചട്ടം 62(2) (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ , കണ്ടിജൻറ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ മറ്റ് വെളിപ്പെടുത്തലുകൾ ഉടങ്ങിയവ അക്കൗണ്ടുകളിൽ മേലുള്ള കുറിപ്പുകളായി വാർഷിക ധനകാര്യ പത്രികയിൽ ഉൽപ്പെടുത്തേണ്ടതാണ്. മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ടുകളിൽ മേലുള്ള കുറിപ്പുകളിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജൻറ് ബാധ്യതകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ വാർഷിക ധനകാര്യ പത്രിക കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 2011 പാലിക്കാതെയാണ് തയ്യാറാക്കിയിരിക്കുന്നത്.	മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് 2020-21 വർഷത്തിന് ശേഷം സമർപ്പിച്ച ധനകാര്യ പത്രികകളിൽ വ്യക്തമായ മറുപടി സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ച് കൊള്ളുന്നു.

Secretary
Muzhappilangad Grama Panchayat
P. O. Edakkad, Kannur Dt., Pin-670663
Mob: 9496049092

2	II	വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(2) (എഫ്) പ്രകാരം അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ രാജ് (അക്കൗണ്ട്സ്) ചട്ടം പാലിക്കാതെയാണ് തയ്യാറാക്കിയിരിക്കുന്നത്	മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് 2020-21 വർഷത്തിന് ശേഷം സമർപ്പിച്ച എല്ലാ ധനകാര്യ പത്രികകളും അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയാണ് സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ച് കൊള്ളുന്നു.
3	III	മുൻ വർഷത്തെ താരതമ്യ ഇനങ്ങൾ സാമ്പത്തിക പത്രികയിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം പ്രസ്തുത ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിൽ ഒഴികെ എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ ഇനങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ വാർഷിക ധനകാര്യ പത്രികയിലെ താരതമ്യ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ അഭാവത്തിൽ 2019-20 വർഷത്തിലെയും 2020-21 വർഷത്തിലെയും വരവുകളുടെയും ചെലവുകളുടെയും വ്യത്യാസം പ്രത്യക്ഷത്തിൽ പരിശോധനക്ക് വിധേയമാക്കാൻ കഴിയില്ല. ആയതിനാൽ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ വാർഷിക പത്രിക കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 2011 പാലിക്കാതെയാണ് തയ്യാറാക്കിയിരിക്കുന്നത്.	Double Entry System നിലവിൽ വന്ന സാഹചര്യത്തിൽ മുൻ വർഷ താരതമ്യ ഇനങ്ങൾ ഉൾപ്പെടുത്തി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതായ സാഹചര്യം നിലവിൽ ഇല്ല. നിലവിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്ന ഇനങ്ങളിൽ കൃത്യത ഉള്ളതിനാൽ മേൽ പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

Secretary
Muzhappilangad Gra... Panchayat
P. O. Edakkad, Kannur D...
Mob: 949...

4	IV	വാർഷിക ധനകാര്യ പത്രികയിൽ മുഴുവൻ ഇകകളും പൂർണ്ണ രൂപത്തിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുഴുവൻ ഇകകളും പൂർണ്ണ രൂപയിൽ ആയിരിക്കേണ്ടതാണ്. മേൽ പറഞ്ഞ ചട്ടത്തിലെ നിർദ്ദേശങ്ങൾ മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ പാലിക്കപ്പെട്ടിട്ടില്ല	പഞ്ചായത്തിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി വരുന്ന സംബന്ധിച്ച് വേർ പ്രകാരം മുഴുവൻ ഇകകളും പൂർണ്ണ രൂപയിൽ ആക്കുന്നതിനുള്ള ഓപ്ഷൻ അന്ന് നിലവിലില്ലാത്തതിനാലാണ് മുഴുവൻ ഇകകളും പൂർണ്ണ രൂപയിൽ ആക്കാൻ കഴിയാതിരുന്നത്. ആയത് പരിഹരിച്ചിട്ടുണ്ട്. നിലവിൽ കെ-സ്മാർട്ടിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ ഇകകൾ പൂർണ്ണ രൂപത്തിലാണ് രേഖപ്പെടുത്തി വരുന്നത്. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിച്ച് കൊള്ളുന്നു.

Secretary
Muzhappilangad Grama Panchayat
P. O. Edakkad, Kannur Dt., Pin-670 [illegible]
Mob: 9496049092

ഫോർമ II			
മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് – സി ആന്റ് എ ജി ഓഡിറ്റ് – 01/04/2016 മുതൽ 28/02/2022 വരെ കാലയളവിലെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് ഭാഗം – II ബി പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട്			
ഗ്രാമ പഞ്ചായത്തിന്റെ പേര്: മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്			
ക്ര നം	ഖണ്ഡിക നം.	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി
1	ബി – I	ആദായ നികുതി TDS കുറഞ്ഞ നിരക്കിൽ ഈടാക്കിയതിലൂടെ കരാറുകാരന് അധികമായി അനുവദിച്ച് നൽകിയ തുക	മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കേന്ദ്രീകൃത സാംസ്കാരിക ഓഫീസ് പരിശീലന കേന്ദ്രം നിർമ്മാണ പ്രവർത്തിയുടെ ടെണ്ടർ ഏറ്റെടുത്ത M/s. White Way Builders എന്ന കരാറുകാരൻ ഒരു കമ്പനി ആയിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്രകാരമുള്ള കരാറുകാരിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 2% നിരക്കിൽ ആദായ നികുതി TDS ഈടാക്കേണ്ടിയിരുന്നതിന് പകരം 1% നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. കുറവായി ഈടാക്കിയ 22,171/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതിലേക്ക് അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ടി തുക ആദായ നികുതി ഇനത്തിൽ ഇതിനകം ഒടുക്കിയതാണ് എന്ന് പ്രസ്തുത ബിൽ തുക കൈമാറിയ അസി.എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് ആദായ നികുതി ഓഫീസിൽ നേരിട്ട് ബന്ധപ്പെടുകയും ആദായ നികുതി വകുപ്പ് ഓഫീസിൽ ബാധ്യതകൾ നിലവിലില്ല എന്ന വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത രേഖകൾ ഇതോടൊപ്പം സമർപ്പിക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.
2	ബി – II (a)	പ്രവർത്തികൾ വേണ്ട രീതിയിൽ പൂർത്തിയാകാതെ ഉപയോഗ ശൂന്യമായി കിടക്കുന്നത് – നിഷ്ഫല ചെലവ് – 74.63 ലക്ഷം രൂപ – മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വനിത വർക്ക് ഷെഡ് നിർമ്മാണം	ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വനിത വർക്ക് ഷെഡ് നിർമ്മാണം പൂർത്തിയാക്കുകയും ലേല നടപടികൾ സ്വീകരിച്ച് 2025 ഏപ്രിൽ മാസം മുതൽ ഐശ്വര്യ അല്ലം നൂട്രിമിക്സ് എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാടക കരാറിന്റെ കോപ്പിയും സ്ഥാപനത്തിന്റെ ഫോട്ടോയും ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

Secretary
Muzhappilangad Grama Panchayat
P.O. Edakkad, Kannur Dt., Pin-670...
Mob: 9495049092

3	ബി – II (b)	കേന്ദ്രീകൃത സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം	നിലവിൽ അംബേദ്കർ സാംസ്കാരിക നിലയം (പട്ടികജാതി സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം) പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. 11/03/2026 തീയ്യതിയിൽ നടന്ന പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള "ഉന്നതി" വികസന രേഖയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട യോഗവും, 08/05/2026 നടന്ന എസ്.സി കുടുംബങ്ങൾക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലന പരിപാടിയും, 16/07/2026 ന് നടന്ന വിവിധ സംരംഭകത്വവുമായി ബന്ധപ്പെട്ട അവബോധ ക്ലാസ്സുകളും അംബേദ്കർ സാംസ്കാരിക നിലയത്തിൽ വെച്ച് നടത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവർക്ക് വേണ്ടിയുള്ള നാലാം തരം, ഏഴാം തരം തുല്യതയിലേക്കുള്ള പഠിതാക്കൾക്ക് ക്ലാസ്സ് നൽകുന്നതിനുള്ള പഠനകേന്ദ്രമായി അംബേദ്കർ സാംസ്കാരിക നിലയം പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 03/08/2026 തീയ്യതി നവചേതന പദ്ധതിയുടെ സംഘാടകസമിതി യോഗവും, 21/08/2026 തീയ്യതി നവചേതന സർവ്വേ ഉദ്ഘാടന പരിപാടിയും അംബേദ്കർ സാംസ്കാരിക നിലയത്തിൽ വെച്ച് നടത്തിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള വിവിധ യോഗങ്ങളുടെ മിനട്സിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

Secretary
Muzhappilangad Grama Panchayat
P O, Edakkad, Kannur Dt., Pin-670[illegible]
Mob: 94[illegible]

4	ബി – II (c)	ഗ്രാമ പഞ്ചായത്തിന് പൊതു ശൗചാലയം	(I) ഗ്രാമ പഞ്ചായത്തിലെ ടോയ്ലെറ്റ് കോംപ്ലക്സിന് വൈദ്യുതി കണക്ഷൻ ലഭ്യമാവുകയും മേല നടപടികൾ പൂർത്തികരിച്ച് 2024 ഡിസംബർ മാസം മുതൽ ടോയ്ലെറ്റ് കോംപ്ലക്സ് വാടകയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാടക കരാറിന്റെ കോപ്പി ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. (II) ഗ്രാമ പഞ്ചായത്തിലെ ടോയ്ലെറ്റ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. ടോയ്ലറ്റ് കെട്ടിടത്തിന്റെ നിർമ്മാണം പൂർണ്ണവും സുരക്ഷിതവുമാക്കുന്നതിന് ആവശ്യമായ (സിവിൽ/ അനുബന്ധ പ്രവൃത്തികൾ) മാത്രമാണ് ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയിൽ ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം 473599/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1680000/- രൂപയായും ജില്ല പഞ്ചായത്ത് വിഹിതം 1875000/- പഞ്ചായത്തിന്റെ തനത് ഫണ്ട് 71401/- രൂപയും ആണ് . പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ഭൂരിഭാഗം ഫണ്ടും ജില്ല, ബ്ലോക്ക്, പഞ്ചായത്ത് വിഹിതം ആയതിനാലും ശുചിത്വ, മാലിന്യ മേഖലയുടെ കീഴിൽ തരംതരമേന കാണ്ട വിഹിതം മാത്രമായിരുന്നതിനാലുമാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചത്. ആയതിനാൽ സർക്കാരിന്റെയോ പഞ്ചായത്തിന്റെയോ ഫണ്ട് ദുർവിനിയോഗം ചെയ്യുകയോ ഉദ്ദേശിച്ച ആവശ്യത്തിനല്ലാതെ വക മാറ്റുകയോ ചെയ്തിട്ടില്ലെന്നും പഞ്ചായത്തിന് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ലെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ഉത്തമ ബോധ്യമുള്ളതുമാണ്. പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ നിയമാനുസൃതമായ അനുമതികളോടെയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പി കെ അബ്ദുൾ വാഹിദ് മാസ്റ്റർ ഷോപ്പിംഗ് കോംപ്ലക്സ് എന്ന് നാമകരണം ചെയ്തിട്ടുള്ളത് എന്നും ബോധിപ്പിക്കുന്നു. ഭരണസമിതി തീരുമാനം ഇതോടൊപ്പം അറ്റാച്ച് ചെയ്യുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

Secretary
Muzhappilangad Grama Panchayat
P.O. Edakkad, Kannur Dt., Pin-670
Mob: 9496049092

			(iii) ഗ്രാമ പഞ്ചായത്തിലെ ടോയ്ലെറ്റ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിക്കായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും TP/A2/2018/KCZMA Dt. 30-08-2018 നമ്പർ ഉത്തരവ് പ്രകാരം 179.19 m2 BUILT UP AREA ക്ക് നിർമ്മാണ അനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം KCZMA യുടെ നിബന്ധനകൾ പാലിച്ച് കൊണ്ടാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു. KCZMA യുടെ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. (iv) ടോയ്ലെറ്റ് കോംപ്ലക്സിന്റെ കോമ്പൗണ്ട് മതിൽ ടെൻഡർ കാറ്റ് വഞ്ചാതെ ജി എസ് ടി ബാധകമാക്കിയത് കാരണം കരാറുകാരന് അധികമായി നൽകിയ 4342/- രൂപ കരാറുകാരനിൽ നിന്നും 19/06/2026 തീയ്യതിയിലെ R-G130705-2600523 നമ്പർ രസീത് പ്രകാരം തിരികെ ഈടാക്കിയിട്ടുണ്ട്. രസീത് ഇതോടൊപ്പം അറ്റാച്ച് ചെയ്യുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട എല്ലാ ഓഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് എല്ലാ ഓഡിറ്റ് പരാമർശങ്ങളും ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

Secretary
Muzhappilangad Grama Panchayat
P.O. Edakkad, Kannur Dt., Pin-670562
Mob: [illegible]